(സി) ഇതിൽ എത്ര കേസുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തെന്ന് വിശദമാക്കാമോ;

(ഡി) സി.ബി.ഐ. ഏറ്റെടുക്കാത്ത കേസുകളിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സി.ബി.ഐ. നൽകിയ വിശദീകരണക്കുറിപ്പുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 32 ലോട്ടറി കേസ്സുകൾ ഉൾപ്പെടെ 98 കേസ്സുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്.

(ബി) ഇതിൽ സർക്കാർ നേരിട്ട് വിട്ട കേസ്സുകളുടെ എണ്ണം-64, കോടതി നിർദ്ദേശത്തെ തുടർന്ന് വിട്ട കേസ്സുകളുടെ എണ്ണം-30

(സി) ഇതിൽ 79 കേസ്സുകൾ ഇതിനകം സി.ബി.ഐ. ഏറ്റെടുത്തു.

(ഡി) പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ ഇവർക്കെതിരെ ആക്രമണം

163(1905) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ അരവത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ സുജിത്ത്, അഭിലാഷ്, നാരായണൻ എന്നിവരെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എല്ലാ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 782/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1	സുരേഷ് ബാബു, S/o. കൃഷ്ണൻ
2	അഭിലാഷ്, S/o. കുമാരൻ
3	രമേശൻ, S/o. കുഞ്ഞിരാമൻ
4	വിജേഷ്, പി., S/o. കുട്ടിയൻ
5	മഹേഷ്.എ, S/o. കുട്ടിയൻ
6	രാഹുൽ, S/o. ഗോവിന്ദൻ
7	അഖിലേഷ്, S/o. ഗോവിന്ദൻ
8	രഹ്തീഷ്, S/o. രത്നാകരൻ
9	സുദമൻ,S/o. കുഞ്ഞിരാമൻ
10	ശ്രീരാഖ്, S/o. ശ്രീധരൻ
11	സുനികുമാർ,S/o. ശങ്കരൻ കുന്നപാറ

(സി) മേൽ പറയുന്ന പ്രതികളിൽ 1, 2, 4, 5, 7, 11 എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 3, 6, 8, 9, 10 എന്നീ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

എസ്.സി./എസ്.ടി. ആദിവാസി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

164 (1906) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി, ആദിവാസി വിഭാഗങ്ങൾ സംസ്ഥാനത്ത് അരക്ഷിതരായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർ അതിക്രമങ്ങൾക്ക് ഇരയായതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;